പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1483 **16-10-2026-ൽ മറുപടിയ്ക്ക്**

ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്ക്കാരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി നൽകിയ മന്ത്രി

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേക്കു പോകുന്നതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലേക്ക് ഉന്നതപഠനത്തിനായി പോകുന്ന പ്രവണതയും അതിലേക്ക് നയിക്കുന്ന കാരണങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം, ആധുനിക ഗവേഷണ സൗകര്യങ്ങൾ, തൊഴിൽ സാധ്യതകൾ, പഠനശേഷം വിദേശരാജ്യങ്ങളിൽ ലഭ്യമാകുന്ന തൊഴിൽ അവസരങ്ങൾ, അന്താരാഷ്ട്ര അംഗീകാരമുള്ള യോഗ്യതകൾ, മെച്ചപ്പെട്ട ജീവിതനിലവാരം, ഉയർന്ന വരുമാനം, വിദേശത്തെ സ്ഥിരതാമസവും (PR) സോഷ്യൽ സെക്യൂരിറ്റിയും പൗരത്വ സാധ്യതകളും എന്നിവ വിദ്യാർത്ഥികളെ ആകർഷിക്കുന്ന ഘടകങ്ങളായി കാണുന്നു.

വിദേശപഠന പ്രവണതയെ മുൻനിർത്തി സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക-ഗവേഷണ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസരംഗം തൊഴിലുമായി ബന്ധപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

മറുപടി: ഉണ്ട്.

വിദ്യാഭ്യാസത്തെ തൊഴിൽസാധ്യതകൾ ഉറപ്പാക്കുന്ന സംവിധാനമായും വികസിപ്പിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. Employment-oriented Academic Programmes കാലാനുസൃതമായി പുതുക്കുന്നതിനായി Job Watch Tower (JWT) സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. Industry-Academia Collaboration ശക്തിപ്പെടുത്തുന്നതിനായി Industry on Campus Earn and Learn പദ്ധതി വ്യാപിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽപരിചയവും വരുമാനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പ് അസാപ്പ് കേരള (ASAP) മുഖേന ഇൻഡസ്ട്രിയൽ ഇന്റേൺഷിപ്പ് അവസരങ്ങൾ ഒരുക്കി നൽകുന്നുണ്ട്. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ (FYUGP) ഭാഗമായുള്ള ഇന്റേൺഷിപ്പുകൾക്കായി വിവിധ

കമ്പനികളുമായി ചേർന്ന് തൊഴിലാധിഷ്ഠിത പ്രോഗ്രാമുകളും ഇന്റേൺഷിപ്പ് പോർട്ടലും അസാപ് സജ്ജമാക്കിയിട്ടുണ്ട്. കെ.ടി.യു.വിന് കീഴിലുള്ള വിദ്യാർത്ഥികൾക്കായി 4 മുതൽ 6 മാസം വരെ നീളുന്ന പെയ്ഡ് ഇന്റേൺഷിപ്പുകളും നൽകി വരുന്നു. കൂടാതെ, നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ Skill Enhancement കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്

(സി) പ്രാഗത്ഭ്യമുള്ള വിദ്യാർത്ഥികളെ സംസ്ഥാനത്തുതന്നെ നിലനിർത്താൻ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിലാക്കാനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ?

<u>മറുപടി:</u> പ്രഗത്ഭരായ വിദ്യാർത്ഥികളെ കേരളത്തിൽ നിലനിർത്തുന്നതിന് ആഗോളതലത്തിൽ മത്സരാധിഷ്ഠിത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സൗകര്യങ്ങൾ, Innovation Centres, Incubation Ecosystems എന്നിവ സംയോജിപ്പിച്ച Global Knowledge Exchange Park (KEP) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

വിദ്യാർത്ഥികൾക്ക് വേഗത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി Bridge Programmes, Apprenticeship അവസരങ്ങൾ, AI അധിഷ്ഠിത പഠന-ഗവേഷണ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കും. നിർമ്മിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബയോടെക്നോളജി തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി Future Readiness Think Tank രൂപീകരിക്കും. Faculty-led Start-ups, Consultancy Ventures, Section 8 Companies എന്നിവയിലൂടെ 'research, development & innovation' പ്രോത്സാഹിപ്പിക്കും. വിദേശ സർവകലാശാലകളുമായി സഹകരിച്ച് സ്റ്റുഡന്റ് എക്സ്ചേഞ്ച്, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ കൊച്ചി സർവകലാശാല ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്നു. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിൽ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, ചലഞ്ച് പരീക്ഷകൾ, സ്റ്റാർട്ടപ്പ് സെൽ, ഐ.പി.ആർ. സെന്റർ, ഇൻഡസ്ട്രി അറ്റാച്ച്മെന്റ് സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ സർവകലാശാലയിൽ ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെൽ എന്നിവയും, മലയാള സർവകലാശാലയിൽ വിദേശ സർവകലാശാലകളുമായി ചേർന്നുള്ള ഗ്രണ്ടർട്ട് ചെയർ പ്രവർത്തനങ്ങളും നടത്തിവരുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആധുനിക കോഴ്സുകൾ (BSc Data Science, BCA, MCA) ആരംഭിക്കുകയും 24 ധാരണാപത്രങ്ങളിൽ ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാൻ Semester in Kerala പദ്ധതിയും നടപ്പിലാക്കും.

ഇതിനുപുറമെ, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ സംസ്ഥാനത്തിനകത്തുതന്നെ ലഭ്യമാക്കുന്നതിനായി സ്വകാര്യ സർവകലാശാലകൾക്കും (Private Universities) വിദേശ സർവകലാശാലകൾക്കും (Foreign Universities) സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ